"ഭരണഭാഷ മാതൃഭാഷ"

(167)

## കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണം- മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് കുടുബശ്രീ മുഖേന സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് ശമ്പളേതര നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

### പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ(സാധാ)നം.4278/2021/പൊഭവ., തിരുവനന്തപുരം, തീയതി,08.11.2021.

---

പരാമർശം:-1) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രജിസ്ട്രാറുടെ 14.07.2021 ലെ46/KSCEBCFC/2021 നമ്പർ കത്ത്.

2) സ.ഉ(കൈ)നം.3707/2021/പൊഭവ തീയതി, 30.09.2021.

### ഉത്തരവ്

മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് കുടുബശ്രീ മുഖേന സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് 2235-02-800-81-36-Grant-in-aid-general-non-salary (Non plan) ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിനായി പരാമർശ കത്ത് 1 പ്രകാരം കമ്മീഷൻ രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. കമ്മീഷന്റെ ആവശ്യം പരിഗണിച്ച് പരാമർശം 2 പ്രകാരം കുടുബശ്രീ മുഖേന സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് 75,67,090 രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു.

14/11/21

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും , മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് കുടുബശ്രീ മുഖേന സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് "2235-02-800-81-36-Grant-in-aid-general-non-salary (Non plan) എന്ന ശീർഷകത്തിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുകയും ടി തുക സർവ്വേയുടെ പ്രാഥമിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

3) പൊതുഭരണ (അക്കൗണ്ട്സ്-കെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-800-81-36-Grant-in-aid-general-non-salary (Non plan) എന്ന ശീർഷകത്തിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ പിൻവലിച്ച് മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാനകമ്മീഷന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Account No.799011400003169), ജില്ലാട്രഷറി, തിരുവനന്തപുരം ) മാറി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മേരിലാലി.സി.വൈ**

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ, റ്റിസി.891/1377,മാഞ്ഞാലിക്കുളം റോഡ്, തിരുവനന്തപുരം -1

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (01.11.2021-ലെ 1617939/EXP-B2/485/2020-FIN നമ്പർ പ്രകാരം)

പൊതുഭരണ (അക്കൗണ്ട്സ് -കെ) വകുപ്പ് (3 പകർപ്പുകൾ സഹിതം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ